**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417** **10-10-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂളുകൾക്കുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ അംഗീകാരവും ധനസഹായവും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇതിനായി ഓരോ വർഷവും അപേക്ഷ ക്ഷണിക്കാറുണ്ടോ; എങ്കിൽ ഇപ്രകാരം ഈ വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചതിന്റെ വിവരങ്ങൾ നൽകാമോ; | (എ) | **സംസ്ഥാനത്ത് എൻ.ജി.ഒ.-കൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് സാമൂഹ്യ നീതി വകുപ്പിൽ നിന്നുമാണ് രജിസ്ട്രേഷൻ നല്കി വരുന്നത്. 2023-24 അധ്യയന വർഷത്തിൽ 273 സ്കൂളുകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്. ഇതിനായി ഓരോ അധ്യയന വർഷവും അപേക്ഷ ക്ഷണിക്കാറുണ്ട്. ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള 10.05.2023 തീയതിയിലെ സ.ഉ.(കൈ) നം 56/2023/പൊവിവ ഉത്തരവിൽ ഭേദഗതികൾ വേണമെന്നാവശ്യപ്പെട്ട് വിവിധ സംഘടനകൾ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തി 03.10.2024 തീയതിയിലെ സ.ഉ.(കൈ) നം. 126/2024/പൊ.വി.വ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2024-25 അക്കാദമിക് വർഷത്തേക്കുള്ള സ്പെഷ്യൽ സ്കൂൾ പാക്കേജ് വിതരണത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു.** |
| (ബി) | സ്പെഷ്യൽ സ്കൂളുകളിലെ പാക്കേജ് ഓണറേറിയത്തിനുള്ള സർക്കാരിന്റെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ഈ വർഷം ക്ഷണിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | **സംസ്ഥാനത്ത് എൻ.ജി.ഒ.-കൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് സാമൂഹ്യ നീതി വകുപ്പിൽ നിന്നുമാണ് രജിസ്ട്രേഷൻ നല്കി വരുന്നത്. 2023-24 അധ്യയന വർഷത്തിൽ 273 സ്കൂളുകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്. ഇതിനായി ഓരോ അധ്യയന വർഷവും അപേക്ഷ ക്ഷണിക്കാറുണ്ട്. ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള 10.05.2023 തീയതിയിലെ സ.ഉ.(കൈ) നം 56/2023/പൊവിവ ഉത്തരവിൽ** |

| | | | |
|---|---|---|---|
| | | | **ഭേദഗതികൾ വേണമെന്നാവശ്യപ്പെട്ട് വിവിധ സംഘടനകൾ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തി 03.10.2024 തീയതിയിലെ സ.ഉ.(കൈ) നം. 126/2024/പൊ.വി.വ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2024-25 അക്കാദമിക് വർഷത്തേക്കുള്ള സ്പെഷ്യൽ സ്കൂൾ പാക്കേജ് വിതരണത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു.** |
| (സി) | സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ എത്ര തുകയാണ് നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ; ഈയിനത്തിൽ മുൻ സാമ്പത്തിക വർഷത്തെ വകയിരുത്തലിന്റെയും ചെലവിന്റെയും കണക്കുകൾ അറിയിക്കുമോ? | (സി) | സ്പെഷ്യൽ സ്കൂളുകളുകളുടെ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതിൽ നിന്നും 44,91,00,610/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ